"ഭരണഭാഷ – മാതൃഭാഷ"

നം: DGE/5538/2021-N2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 11/08/2021

പ്രേക്ഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ല /ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രധാനാധ്യാപകർക്കും (ജില്ല /ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം )

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം – സ്കോളർഷിപ്പുകൾ – ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നത് – സംബന്ധിച്ച് :-

സൂചന :- ഈ കാര്യാലയത്തിൽ നിന്നുള്ള 14/12/2021 ലെ സർക്കുലർ നം . എൻ 2/13130/2020/ഡി.ജി.ഇ

******************

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു . സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് /അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് ആണ് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്. മുൻ വർഷങ്ങളിൽ (2019-20 വരെ) പ്രസ്തുത സ്കോളർഷിപ്പിനുള്ള അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിരുന്നില്ല. എന്നാൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രേഖപ്പെടുത്തുന്ന വിവരങ്ങളിൽ വരുമാനമായി സർട്ടിഫികറ്റ്പ്രകാരമുള്ള തുകയല്ലാതെ രേഖപ്പെടുത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും നാലര ലക്ഷത്തിൽപ്പരം വിദ്യാർത്ഥികൾ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കാറുണ്ട് . സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട സ്കോളർഷിപ്പിന്റെ എണ്ണത്തിലുള്ള പരിമിതി മൂലം അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഈ സ്കോളർഷിപ്പ് അനുവദിക്കാനാവുന്നില്ല. ആയതിനാൽ കുറഞ്ഞ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നത്.

വാർഷിക വരുമാനം ഗുണഭോക്തൃ നിർണയത്തിലെ പ്രധാനപ്പെട്ട ഒരു ഘടകമായതുകൊണ്ട് തന്നെ ഏറ്റവും അർഹരായവർക്ക് തന്നെ പ്രസ്തുത സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് അപേക്ഷകരുടെ വാർഷിക വരുമാനം കൃത്യമായി ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴിടി സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന അവസരത്തിൽ, 2020-21 മുതൽ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷയോടൊപ്പം ബന്ധപ്പെട്ട അധികൃതരിൽ നിന്നും ലഭ്യമായ കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കുതിന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രധാനാധ്യാപകർ പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പാക്കേണ്ടതും (സൂചന പ്രകാരം), ബന്ധപ്പെട്ട സ്കൂളിൽ

പരിശോധനക്കായി സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ നിലവിലെ സാഹചര്യത്തിൽ കോവിഡ് -19 നുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ മൂലം റവന്യൂ വകുപ്പിൽ നിന്നും സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകാനിടയുണ്ട്. ആയതിനാൽ സ്കോളർഷിപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടൊപ്പം മാത്രം ഈ നിർദ്ദേശം നല്കുന്നത് രക്ഷിതാക്കൾക്കും , റവന്യൂ ഉദ്യോഗസ്ഥർക്കും ഉണ്ടാക്കിയേക്കാവുന്ന പ്രായോഗിക വൈഷമ്യം കണക്കിലെടുത്ത് 2021-22 അദ്ധ്യയന വർഷം പ്രസ്തുത സ്കോളർഷിപ്പിന് അർഹരായ എല്ലാ അപേക്ഷകരും അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് കൂടി സമർപ്പിക്കേണ്ടി വരുമെന്നതിനാൽ , ആയത് റവന്യൂ വകുപ്പിൽ നിന്നും മുൻകൂട്ടി ശേഖരിച്ചു വയ്ക്കണമെന്ന നിർദേശം അതാത് സ്കൂൾ പ്രധാനാധ്യാപകർ മുഖേന ടി സ്കോളർഷിപ്പിന് അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നൽകുന്നതിനുള്ള ഉചിത മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

Signature Not Verified

Digitally signed by SHINEMON M K
Date: 2021.08.11 13:16:03 IST
Reason: Approved

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി